"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റിയായി 2 വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.രാധാകൃഷ്ണൻ.ബി-യുടെ പ്രതിമാസ വേതനം നിശ്ചയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.132/2025/POWER തീയതി,തിരുവനന്തപുരം, 12-07-2025

---

പരാമർശം:-

(1). 22/10/2021-ലെ സ.ഉ(പി) നം.3/2021/ഊ.വ.

(2). ശ്രീ.രാധാകൃഷ്ണൻ.ബി 10.09.2024-ലെ നം. AA/gen/2024-25/504 കത്ത്.

(3). 21/02/2025-ലെ സ.ഉ(പി) നം.4/2025/ഊ.വ ഉത്തരവ് (S. R. O. No.212/2025).

(4). കേരളാ സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റി കാര്യാലയത്തിൽ നിന്നുള്ള 24.02.2025-ലെ AA/GEN/2024-25/684 നമ്പർ കത്ത്.

(5).കേരളാ സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റി കാര്യാലയത്തിൽ നിന്നുള്ള 30.04.2025-ലെ നം.AA/GEN/2025-26/86, 11.06.2025-ലെ നം.AA/GEN/2025-26/205 കത്തുകൾ.

**ഉത്തരവ്**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം 3 വർഷകാലയളവിലേയ്ക്ക് കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റിയായി നിയമിതനായിരുന്ന റിട്ട.ഇലക് ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.രാധാകൃഷ്ണൻ.ബി-യുടെ പ്രസ്തുത സേവന കാലാവധി പൂർത്തിയായിരുന്നു. സേവന കാലം 22/10/2024 മുതൽ മൂന്ന് വർഷത്തേയ്ക്കോ അടുത്ത അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കുന്നതുവരേയോ ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

(2) ശ്രീ.രാധാകൃഷ്ണൻ.ബി-യെ പരാമർശം (3) പ്രകാരം കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റിയായി 2 വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ. രാധാകൃഷ്ണൻ. ബി. 24.02.2025-ന് കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റിയായി ചുമതലയേറ്റതായി പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്. ശ്രീ രാധാകൃഷ്ണൻ.-ബി.യുടെ വേതനം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (5) പ്രകാരമുള്ള കത്തുകൾ ലഭിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3) പ്രകാരം കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റിയായി 2 വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.രാധാകൃഷ്ണൻ.ബി-യ്ക്ക് പ്രതിമാസ കരാർ വേതനമായി 60,410/- രൂപ (അറുപതിനായിരത്തി നാന്നൂറ്റിപ്പത്ത് രൂപ മാത്രം) നിശ്ചയിച്ച് ഉത്തരവാകുന്നു.

(4) കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റിയുടെ വേതനം, ഓഫീസ് ചെലവുകൾ, കോടതിയിൽ അപ്പലേറ്റ് അതോറിറ്റിക്ക് വേണ്ടി ഹാജരാകുന്നതിന് സ്റ്റാൻഡിംഗ് കൗൺസിലിനെ നിയമിക്കുന്നതിനായി വേണ്ടി വരുന്ന ചെലവിനുള്ള തുക എന്നിവ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കെ,എസ്.ഇ.ബി.എൽ, കളമശ്ശേരി-കാര്യാലയം വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

1. ശ്രീ.രാധാകൃഷ്ണൻ.ബി, കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റി, CC 51/52, 110 കെ.വി സബ്സ്റ്റേഷനു സമീപം, വൈറ്റില, കൊച്ചി-682 019
2. ചെയർമാൻ & മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695 004
3. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004
4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ,കെ,എസ്.ഇ.ബി.എൽ, കളമശ്ശേരി
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
7. ധനകാര്യ വകുപ്പ് ( 04/06/2025,24/06/2025 എന്നീ തീയതികളിലെ ധനകാര്യ (പി.യു-എ) വകുപ്പിന്റെ 2126494/പി.യു-എ2/74/2022-ധന നമ്പർ അഭിപ്രായ കുറിപ്പുകൾ)
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Manoj S
സെക്ഷൻ ഓഫീസർ
Date: 14-07-2025 11:12:43